**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 509** **09-07-2024 - ൽ മറുപടിയ്ക്ക്**

**വൈദ്യുതാഘാതം മൂലമുള്ള അപകടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്‌റഫ്,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുതാഘാതം മൂലം അപകടം ഉണ്ടായാൽ ഉടൻ വൈദ്യുതി ബന്ധം വേർപെടുത്താൻ എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ; | (എ) | EHT, HT (33/22/11kV), LT ഇലക്ട്രിക് ലൈനുകളാണ് കെ.എസ്.ഇ.ബി.എൽ-ന് നിലവിൽ ഉള്ളത്. വൈദ്യുതി ലൈനിൽ എന്തെങ്കിലും തകരാർ സംഭവിച്ചാൽ (വൈദ്യുതി ലൈൻ പൊട്ടുന്നത് ഉൾപ്പെടെ) ഓട്ടോമാറ്റിക് റിലേ സംവിധാനം ഉപയോഗിച്ചുള്ള തനിയെ ഓഫാകുന്ന സംവിധാനം നിലവിൽ 11 കെ.വി മുതൽ മുകളിലേയ്ക്കുള്ള ലൈനുകളിലാണ് ഉള്ളത്.<br><br>എൽ.ടി ലൈനുകളിൽ കമ്പി പൊട്ടുന്ന അവസരത്തിൽ കമ്പികൾ തമ്മിൽ കൂട്ടിമുട്ടിയാൽ അമിതമായി വൈദ്യുതി പ്രവാഹം ഉണ്ടാകുമ്പോൾ വൈദ്യുതി ബന്ധം സ്വയം വിച്ഛേദിക്കുന്ന ഫ്യൂസ് സംവിധാനം നിലവിലുണ്ട്. വൈദ്യുതി വിതരണ ചാലകത്തിന്റെ ലോ ടെൻഷൻ സൈഡിൽ സർക്യൂട്ട് ബ്രേക്കറുകൾ സ്ഥാപിക്കാൻ സാധ്യമാണെങ്കിലും ഇതിനാവശ്യമായ ഭീമമായ ചെലവ് വഹിക്കാൻ കെ.എസ്.ഇ.ബി. എൽ-ന് നിലവിൽ നിർവ്വാഹമില്ലാത്ത തിനാൽ ഘട്ടംഘട്ടമായി സർക്യൂട്ട് ബ്രേക്കറുകൾ എൽ.റ്റി. സൈഡിൽ സ്ഥാപിക്കാൻ സാധിക്കുന്നതാണ്.<br><br>ഇതു കൂടാതെ Communicable Fault Pass Detector എന്ന നൂതന സംവിധാനം വളരെ ചിലവ് കുറഞ്ഞ രീതിയിൽ ബോർഡ് ജീവനക്കാർ തന്നെ വികസിപ്പിച്ചെടുത്തു സ്ഥാപിച്ചു വരുന്നു. 11 കെ.വി, 33 കെ.വി വൈദ്യുത വിതരണ ലൈനുകളിൽ ഉണ്ടാകുന്ന തകരാറുകൾ പെട്ടെന്ന് കണ്ടു പിടിച്ചുവിവരം ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ എസ്.എം.എസ് മൂലവും തകരാർ ഉണ്ടായ സ്ഥലം GIS MAP വഴിയും അറിയിച്ചു പ്രശ്നപരിഹാരം വേഗത്തിൽ ആക്കാൻ സഹായിക്കുന്ന നൂതന സംവിധാനമാണിത്. |

| | | | |
|---|---|---|---|
| | | | കമ്പി പൊട്ടി വീണ് ഉണ്ടാകുന്ന അപകടം ഒഴിവാക്കാനായി ഇവ ശ്രദ്ധയിൽപ്പെട്ടാൽ അറിയിക്കുന്നതി നായി ഹോട്ട് ലൈൻ നമ്പർ (9496010101) ഏർപ്പെടുത്തിയും ഈ കാര്യത്തിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചും അപകടം ഒഴിവാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നുണ്ട്.<br><br>സബ്സ്റ്റേഷൻ യാർഡിലെ ബസ് ബാർ കമ്പികളിലൂടെയോ മറ്റു യാർഡ് സാമഗ്രികളിൽ നിന്നോ പ്രവൃത്തിക്കിടയിൽ വൈദ്യുതാഘാതമേൽക്കുന്ന സാഹചര്യമുണ്ടായാൽ ആ ഭാഗത്തേ യ്ക്കുള്ള വൈദ്യുതിബന്ധം പൂർണ്ണ തോതിൽ വിച്ഛേദിക്കപ്പെടുന്നതിനുള്ള സംരക്ഷണ റിലേ സംവിധാനം എല്ലാ സബ്സ്റ്റേഷനുകളിലും ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>EHT ലൈനുകളിൽ എർത്ത് ഫാൾട്ട് ഉണ്ടായാൽ റിലേ സംവിധാനം പ്രവൃത്തിക്കുകയും വൈദ്യുതിബന്ധം വിച്ഛേദിക്കപ്പെടുകയും ചെയ്യുന്നു. |
| (ബി) | വൈദ്യുതാഘാതം മൂലം മരണം സംഭവിക്കുന്നവരുടെ ആശ്രിതർക്ക് മതിയായ നഷ്ടപരിഹാരം നൽകാറുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ബി) | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഇൻസ്റ്റലേഷനുകളിൽ നിന്നും പൊതുജനങ്ങൾക്കുണ്ടാകുന്ന മാരകവും മാരകമല്ലാത്തതുമായ വൈദ്യു താപകടങ്ങൾക്ക് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിലവിലുള്ള വൈദ്യുതി സുരക്ഷാ പദ്ധതിയുടെ വ്യവസ്ഥകൾക്ക് വിധേയമായി താഴെ സൂചിപ്പിക്കുന്ന ആശ്വാസ ധനസഹായം/ നഷ്ടപരിഹാരം ലഭിക്കുന്ന തിന് അർഹതയുണ്ട്.<br><br>1. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഇൻസ്റ്റലേഷനുകളിൽ നിന്നും പൊട്ടി വീണ കമ്പികളിൽ നിന്നും (ഉപഭോക്താവിന്റെ മീറ്റർ പോയിന്റ് വരെ) സംഭവിക്കുന്ന അപകടങ്ങളിൽ വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്ന പൊതുജനങ്ങളുടെ ആശ്രിതർക്ക് "വൈദ്യുതി സുരക്ഷാ പദ്ധതി' പ്രകാരമുള്ള ആശ്വാസ ധനസഹായം/ നഷ്ടപരിഹാരമായി പരമാവധി 10 ലക്ഷം രൂപ ലഭിക്കുന്നതിന് അർഹതയുണ്ട്.<br><br>2. അശ്രദ്ധ, സൂക്ഷ്മതക്കുറവ്, അറിവില്ലായ്മ എന്നിവ മൂലം കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നും വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്ന പൊതുജനങ്ങളുടെ ആശ്രിതർക്ക് വൈദ്യുതി സുരക്ഷാ പദ്ധതി' പ്രകാരമുള്ള ആശ്വാസ ധനസഹായം/ നഷ്ടപരിഹാരമായി പരമാവധി രണ്ട് ലക്ഷം രൂപ ലഭിക്കുന്നതിന് അർഹതയുണ്ട്. |

3. കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നും വൈദ്യുതാഘാതമേറ്റ് മാരകമല്ലാത്ത അപകടം സംഭവിക്കുന്ന പൊതുജനങ്ങൾക്ക് സ്ഥിരവും സ്ഥായിയുമായ അംഗ വൈകല്യം ഉണ്ടായാൽ ജില്ലാ മെഡിക്കൽ ബോർഡ് നല്കുന്ന അംഗവൈകല്യത്തിന്റെ ശതമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അംഗവൈകല്യത്തിന്റെ ശതമാനത്തിന് ആനുപാതികമായി (പരമാവധി 10 ലക്ഷം രൂപ) ആശ്വാസ ധനസഹായമായി ലഭിയ്ക്കുന്നതിന് അർഹതയുണ്ട്.

4. അശ്രദ്ധ, സൂക്ഷ്മതക്കുറവ്, അറിവില്ലായ്മ എന്നിവ മൂലം കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നും വൈദ്യുതാഘാതമേറ്റ് മാരകമല്ലാത്ത അപകടം സംഭവിക്കുന്ന പൊതുജനങ്ങൾക്ക് സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യം ഉണ്ടായാൽ ജില്ലാ മെഡിക്കൽ ബോർഡ് നല്കുന്ന അംഗവൈകല്യത്തിന്റെ ശതമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അംഗവൈകല്യത്തിന്റെ ശതമാനത്തിന് ആനുപാതികമായി (പരമാവധി രണ്ട് ലക്ഷം രൂപ) വ്യവസ്ഥകൾക്ക് വിധേയമായി ആശ്വാസ ധനസഹായമായി ലഭിയ്ക്കുന്നതിന് അർഹതയുണ്ട്.

**കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ജീവനക്കാർക്കുള്ള മരണാനന്തര നഷ്ടപരിഹാരം (1923ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിന്റെയും കെ.എസ്.ഇ.ബി ലിമിറ്റഡ് പുറപ്പെടുവിച്ചിട്ടുള്ള ബന്ധപ്പെട്ട ബോർഡ് ഉത്തരവിലെയും വ്യവസ്ഥകൾക്ക് വിധേയമായി)**

1. പ്രായവും മാസവേതനവും അനുസരിച്ച് 1923 തൊഴിലാളി നഷ്ടപരിഹാര നിയമപ്രകാരം 7,45,275/- രൂപ മുതൽ 17,14,050/- രൂപ വരെ വ്യവസ്ഥകൾക്ക് വിധേയമായി നഷ്ടപരി ഹാരത്തിന് അർഹതയുണ്ട് (03.01.2020 മുതൽ ബാധകം).

2. 2023-വർഷത്തേക്ക് ന്യൂ ഇന്ത്യ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡിന്റെ അപകട ആശ്വാസ ധനസഹായ പദ്ധതി പ്രകാരം 15 ലക്ഷം രൂപാ ഇൻഷ്വറൻസ് പരിരക്ഷയായി ലഭിക്കുന്നതിന് അർഹതയുണ്ട്.

3. വൈദ്യുതി ബോർഡ് തൊഴിലാളി ക്ഷേമനിധിയിൽ നിന്നും മരണാനന്തര ആനുകൂല്യമായി 12 ലക്ഷം രൂപ ( ജൂലൈ 2021 മുതൽ ബാധകം) ലഭിക്കുവാൻ അർഹതയുണ്ട്

4. അപകടമരണം സംഭവിക്കുന്ന ജീവനക്കാരന്റെ ആശ്രിതരിൽ ഒരാൾക്ക് വിദ്യാഭ്യാസയോഗ്യത അനുസരിച്ച് കെ.എസ്.ഇ.ബി.ലിമിറ്റഡിൽ ആശ്രിത നിയമനത്തിന് അർഹതയുണ്ട്.

5. ശവസംസ്കാര ചെലവിനായി 10000/- രൂപയ്ക്ക് അർഹതയുണ്ട്. (LTS 2021)

6. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ദീർഘകാല കരാർ പ്രകാരം ജോലിക്കിടയിൽ സംഭവിക്കുന്ന അപകടങ്ങൾക്ക് പൂർണ്ണമായ മെഡിക്കൽ ചികിത്സാ ചെലവിനും അർഹതയുണ്ട്.

**കരാർ തൊഴിലാളികൾക്ക് അനുവദനീയമായ മരണാനന്തര നഷ്ടപരിഹാരം. (1923ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിന്റെയും കെ.എസ്.ഇ.ബി ലിമിറ്റഡ് പുറപ്പെടുവിച്ചിട്ടുള്ള ബന്ധപ്പെട്ട ബോർഡ് ഉത്തരവിലെയും വ്യവസ്ഥകൾക്ക് വിധേയമായി)**

അഞ്ച് ലക്ഷം രൂപയിൽ കവിയാത്ത അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്തു നടത്തുന്ന ചെറുകിട കരാറുകാരുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് താഴെ പറയുന്ന ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്.

1. പ്രായവും മാസവേതനവും അനുസരിച്ച 1923 തൊഴിലാളി നഷ്ടപരിഹാര നിയമപ്രകാരം 7,45,275/- രൂപ മുതൽ 17,14,050/- രൂപ വരെ വ്യവസ്ഥകൾക്ക് വിധേയമായി നഷ്ട പരിഹാരത്തിന് അർഹതയുണ്ട് (03.01.2020 മുതൽ ബാധകം).

2. ശവസംസ്കാര ചെലവിനായി 5000/- രൂപയ്ക്ക് അർഹതയുണ്ട്.

അഞ്ച് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരുടെ കീഴിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് ജോലിക്കിടെ അപകടമോ അപകടമരണമോ സംഭവിയ്ക്കുകയാണെങ്കിൽ നഷ്ടപരിഹാരം നല്കുന്നതിനുള്ള പൂർണ്ണമായ ഉത്തരവാദിത്തം കരാറുകാരനായിരിയ്ക്കും. അഞ്ച് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരൻ അയാളുടെ കീഴിലുള്ള തൊഴിലാളികൾക്ക് അപകട ഇൻഷുറൻസ് പരിരക്ഷ ഉറപ്പുവരുത്തേണ്ടതാണ്. അപകടമരണം സംഭവിയ്ക്കുന്ന തൊഴിലാളിയുടെ നഷ്ടപരിഹാര തുക 1923-ലെ തൊഴിലാളി നഷ്ടപരിഹാരനിയമം അനുസരിച്ച്

| | | | |
|---|---|---|---|
| | | | കണക്കാക്കുകയും പ്രസ്തുത തുക ഇൻഷ്വറൻസ് ക്ലെയിം/ കരാറുകാരൻ കെട്ടിവച്ചിട്ടുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ്/കരാറുകാരനിൽ നിന്നോ ഈടാക്കി നഷ്ടപരിഹാരം അനുവദിയ്ക്കുവാനുള്ള നടപടി ക്രമങ്ങൾ പാലിച്ചു വരുന്നു.<br><br>ഇതിനുപുറമെ എംപ്ലോയീസ് കോമ്പൻസേഷൻ കമ്മിഷണർ പുറപ്പെട്ടു വിക്കുന്ന ഉത്തരവ് പ്രകാരം നഷ്ടപരിഹാരം അനുവദിയ്ക്കുവാൻ കാല താമസമുണ്ടാകുന്ന സാഹചര്യങ്ങളിൽ അപകടം സംഭവിച്ച ദിവസം മുതൽ അർഹമായ നഷ്ടപരിഹാരം നൽകുന്ന ദിവസം വരെയുള്ള കാലയളവിലേയ്ക്ക് നഷ്ടപരിഹാര തുകയുടെ 12% പലിശയുൾപ്പടെ ലഭിയ്ക്കുന്നതിന് മരണപ്പെടുന്നവരുടെ അനന്തരാവകാശികൾക്ക് അർഹതയുണ്ട്. |

സെക്ഷൻ ഓഫീസർ